"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം-ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ അന്തരിച്ച കെ.ആർ.തോമസിന്റെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ പലിശയിനത്തിലെ ബാദ്ധ്യത ഒഴിവാക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.247/2022/F&WLD തീയതി,തിരുവനന്തപുരം, 08-06-2022.

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.02.2021, 28.07.2021, 7.10.2021 തീയതികളിലെ എച്ച് 4-1257/2011 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ തൃശ്ശൂർ ഡിവിഷനിൽ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ അന്തരിച്ച കെ.ആർ. തോമസിന് അനുവദിച്ചിരുന്ന 1,94,000/- രൂപയുടെ ഭവനനിർമ്മാണ വായ്പയിൽ തിരിച്ചടവിനത്തിൽ തിരികെ പിടിച്ചിട്ടുള്ള 2,54,625/- രൂപ കിഴിച്ചിട്ടുള്ള ബാക്കി തുകയും പലിശയും ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് ടിയാന്റെ വിധവ ശ്രീമതി.ജാൻസി തോമസ് സമർപ്പിച്ച അപേക്ഷ പരാമർശ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ തൃശ്ശൂർ ഡിവിഷനിൽ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ അന്തരിച്ച കെ.ആർ. തോമസിന്റെ പേരിലുള്ള ഭവന നിർമ്മാണ വായ്പയിലെ ആകെ ബാധ്യതയായ 28,880/- രൂപയിൽ, പലിശയിനത്തിലെ ബാധ്യതയായ, 8,488/-രൂപ (എണ്ണായിരത്തി നാനൂറ്റി എൺപത്തി എട്ട് രൂപ മാത്രം) ഒഴിവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പിഴപ്പലിശയിനത്തിലെ തുക എഴുതിത്തള്ളുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ, പിഴപ്പലിശയായ 20,392/- രൂപ ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നോ/അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കാനാവശ്യമായ നടപടി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീമതി.ജാൻസി തോമസ്(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള,തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.( 10.05.2022 ലെ 1837018/എച്ച്.ബി.എ-1/75/2021-ധന പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 08-06-2022 14:18:29**
സെക്ഷൻ ഓഫീസർ.